# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

07.12.2018 ലെ മറുപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2872

### റിവർ ബേസിൻ കൗൺസിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, സണ്ണി ജോസഫ്<br>,, വി.പി.സജീന്ദ്രൻ<br>,, കെ.എസ്.ശബരീനാഥൻ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ റിവർ ബേസിൻ കൗൺസിൽ രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; | (എ) സംസ്ഥാന നദീതട അതോറിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പുഴകൾക്ക് സംഭവിച്ച മാറ്റങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) 2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയം കേരളത്തിലെ നദികളുടെ ഘടനയെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. നദികൾക്കുണ്ടായ മാറ്റങ്ങൾ നദിയുടെ ഗതി മാറൽ, നദിയുടെ അടിത്തട്ടിന്റെ ഘടന മാറിയത്, മണൽ വലിയ തോതിൽ ഒഴുകിപ്പോയത്, തീരം ഇടിയൽ, നദികൾക്കകത്ത് മണൽക്കുനകൾ രൂപപ്പെട്ടത്, നദികളുടെ ആവാസ വ്യവസ്ഥയിലെ മാറ്റം തുടങ്ങിയവയാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് പമ്പാ നദി കേന്ദ്രീകരിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പ്രാഥമിക പഠനം ആരംഭിച്ചിട്ടുണ്ട്. |
| (സി) പുഴകൾക്ക് ദോഷകരമായ അനധികൃതമായ നിർമ്മാണം, മണൽവാരൽ മുതലായ പ്രവൃത്തികൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് ജലവിഭവ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) പുഴകളിലെ മണൽവാരൽ നിയന്ത്രിക്കുന്നത് റവന്യൂ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. നദീതീരം ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾക്ക് സമീപം നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. 2003 ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിന്റെ അടിസ്ഥാനത്തിൽ ജലസ്രോതസ്സു |

കൾക്ക് സംരക്ഷണം നൽകുന്നതിനായി നടപടികൾ നിഷ്കർഷിച്ചിട്ടുണ്ട്. ആയവ കൂടുതൽ ഫലവത്താക്കുന്നതിനായി സംസ്ഥാന നദീതട അതോറിറ്റി രൂപീകരി-ക്കുന്നതിന് നടപടികളെടുത്തു വരുന്നു.

**സെക്ഷൻ ഓഫീസർ**